**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2466** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച 2017-ലെ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച് നടപ്പിലാക്കിയത് എന്നാണ്; പ്രസ്തുത ഉത്തരവിന്മേൽ സ്ഥാപനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച 2017-ലെ കമ്മിറ്റി റിപ്പോർട്ട് സ.ഉ.(കൈ)നം.176/2017/തസ്വഭവ തീയതി 31.08.2017 പ്രകാരം അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ജീവനക്കാരുടെ പ്രവൃത്തിപരിചയം സുതാര്യമായ രീതിയിൽ പരിശോധിച്ച് ജീവനക്കാരുടെ പുനർക്രമീകരണ തസ്തികയിലെ ആക്ഷേപം സ്വീകരിച്ച് അവരെ നേരിൽ കേട്ട് നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതയും, പ്രവൃത്തിപരിചയവും, തസ്തികയും അടങ്ങുന്ന കരട് പട്ടിക പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് ജീവനക്കാരിൽ നിന്നും ആക്ഷേപം സ്വീകരിക്കുകയും, 2017ഡിസംബർ23, 28 തീയതികളിൽ അവരെ നേരിൽ കേട്ട് അഭിപ്രായം രേഖപ്പെടുത്തുകയും, പഞ്ചായത്ത് ഡയറക്ടറുടെ 01.01.2018 ലെ ജെ.8/34268/17 നമ്പർ കത്ത് പ്രകാരം അന്തിമമായി തസ്തിക നിർണ്ണയിച്ച് ശമ്പള പരിഷ്കരണ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. 20.01.2018 ലെ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ നം.5/ഇ3/2018/ഐ.കെ.എം ഉത്തരവ് പ്രകാരം ശമ്പള പരിഷ്കരണം 01.09.2017 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.<br><br>31.08.2017 തീയതിയിലെ സ.ഉ.(കൈ)നം.176/2017/തസ്വഭവ സർക്കാർ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന റിപ്പോർട്ടിലെ ശുപാർശ പ്രകാരം ഐ.കെ.എം ജീവനക്കാരുടെ പുനർക്രമീകരണം നടത്തുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ |

| | | | |
|---|---|---|---|
| | | | അനുബന്ധമായി ചേർത്തിട്ടുള്ള റീസ്ട്രക്ചറിംഗ് റിപ്പോർട്ടിലെ അനുബന്ധം-9 ൽ ചേർത്തിട്ടുള്ള 359 ജീവനക്കാരെയാണ് പുനർക്രമീകരണം നടത്തുന്നതിനായി കമ്മിറ്റി ശുപാർശ ചെയ്തിരുന്നത്. ഇതിൽ നിന്നും പല സമയങ്ങളിലായി ഐ.കെ.എം സർവ്വീസിൽ നിന്നും വിടുതൽ ചെയ്ത 11 ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ള 348 ജീവനക്കാരെയാണ് റീസ്ട്രക്ചർ ചെയ്യേണ്ടിയിരുന്നത്. ആയത് നടപ്പിലാക്കുന്നതിനായി 22.05.2018 ന് ചേർന്ന ഐ.കെ.എമ്മിന്റെ 16-ാംമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അഡീഷണൽ അജണ്ട-9 ലെ തീരുമാന പ്രകാരം റീസ്ട്രക്ചറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ക്രമീകരണം നടത്തുന്നതിന് യോഗം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ പരിശോധിച്ച് പുനർക്രമീകണം നടത്തി 22.10.2019 ലെ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 695/ ഇ.ഡി/2019/ഐ.കെ.എം നം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 12.06.2020 ൽ കൂടിയ ഐ.കെ.എമ്മിന്റെ ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ തീരുമാന പ്രകാരം റീസ്ട്രക്ചറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ക്രമീകരണം നടത്തിയ നടപടി കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. |
| (ബി) | ഐ. കെ. എം. - ലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിലേയ്ക്കായി സർവ്വീസ് കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് ഇറങ്ങിയത്; | (ബി) | ഉണ്ട്. 03.07.2020ലെ സ.ഉ.(സാധാ) നം. 1332/2020/തസ്വഭവ പ്രകാരം ഐ.കെ.എം.- ലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിലേയ്ക്കായി സർവ്വീസ് കൺസൾട്ടന്റിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് വേണ്ടിയുള്ള സ്പെഷ്യൽ റൂൾസിൽ ഇതുവരെ സർക്കാരും സ്ഥാപനവും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | ഐ.കെ.എമ്മിലെ ജീവനക്കാർക്ക് വേണ്ടി സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി സർവ്വീസ് കൺസൾട്ടന്റിനെ നിയമിച്ച് 03.07.2020ലെ സ.ഉ (സാധാ)നം 1332/2020/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ്പുറപ്പെടുവിക്കുകയും, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30/09/2020ലെ 409/ഇ4/2020/ഐ.കെ.എം ഉത്തരവ് പ്രകാരം ധനകാര്യവകുപ്പിലെ(റിട്ട) അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീ.ബി.ശശിധരനെ നിയോഗിക്കുകയും ചെയ്തു. തുടർന്ന് ടിയാൻ ഐ.കെ.എമ്മിലെ ജീവനക്കാർക്ക് വേണ്ടി തയ്യാറാക്കി നൽകിയ കരട് സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. പ്രസ്തുത സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | റൂൾസ്-ന്റെ കരട് ഐകെഎം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ വാങ്ങിയിട്ടില്ലാത്തതിനാൽ ആയത് കൂടി ലഭ്യമാക്കി സമർപ്പിക്കുന്നതിന് 22/09/2022ലെ 27/ഇജി1/2022/ത.സ്വ.ഭ.വ കത്ത് പ്രകാരം നിർദ്ദേശിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം 11.10.2022ലെ 27ാംമത് എക്സിക്യൂട്ടീവ് കമ്മിറ്റി, കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും സർക്കാരിലേക്ക് സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസി**ന്** സാധൂകരണം നൽകുകയും, ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് വേണ്ടിയുള്ള കരട് സ്പെഷ്യൽ റൂൾസ് അംഗീകരിച്ചു നൽകുന്നതിനായി വീണ്ടും സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വിശദമായ പരിശോധനയ്ക്ക് ശേഷം ഐ.കെ.എമ്മിലെ ജീവനക്കാർക്ക് വേണ്ടി തയ്യാറാക്കിയ സ്പെഷ്യൽ റൂൾസിൽ ഐകെഎം ശുപാർശ ചെയ്തിട്ടുള്ള ശമ്പള സ്കെയിലുകൾ ഏത് വകുപ്പിലെ/ സ്ഥാപനത്തിലെ തസ്തികകളുമായി താരതമ്യം ചെയ്തു കൊണ്ടുള്ളതാണെന്ന വിവരവും, പ്രസ്തുത തസ്തികകളുടെ യോഗ്യതകളും നിയമനരീതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ സമർപ്പിക്കാനുള്ള നിർദ്ദേശം ഐകെഎം-ന് നൽകി പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ